## APPENDIX H4

## നോട്ടീസ്

ശ്രീ. അബു ചെറിയാൻ. എം, അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, കൊല്ലം എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960–ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷാ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചുകൊണ്ടുള്ള (06.03.2020–ാം തീയതിയിലെ ഇ2–25687/2018/സിഇഐ നമ്പരായുള്ള) കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽവിലാസത്തിലും താങ്കൾ അവസാനമായി അവധി അപേക്ഷ നൽകിയ 'mabchel@yahoo.com' എന്ന ഇ–മെയിൽ അഡ്രസ്സിലും അയച്ചിരുന്നു. എന്നാൽ തപാൽ വഴി അയച്ച മേൽ കുറ്റാരോപണ പത്രിക "Addressee out of India" എന്ന രേഖപ്പെടുത്തലോടുകൂടി പോസ്റ്റൽ അധികാരികൾ കൊല്ലം ജില്ല കാര്യാലയത്തിലേക്ക് 28.04.2020–ന് തിരികെ നൽകുകയും ഇ–മെയിൽ മുഖേന താങ്കൾക്കയച്ച കുറ്റാരോപണ പത്രികയ്ക്ക് താങ്കൾ മറുപടി അയയ്ക്കാതെയിരിക്കുകയും ചെയ്തതായി കാണുന്നു. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണ മെമ്മോയുടെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്ക് മുമ്പ് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിൻമേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

(ഒപ്പ്)
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
തിരുവനന്തപുരം

ശ്രീ. അബു ചെറിയാൻ. എം,
തെക്കേതിൽ, ഞാലിയോട്,
അമ്പിപൊയ്ക, കുണ്ടറ
കൊല്ലം – 691501